**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1991** **03-03-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനങ്ങൾ നടക്കുന്നില്ലെന്ന വ്യാജപ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി മൂലം പി.എസ്.സി. നിയമനങ്ങൾ നടക്കുന്നില്ലെന്ന് പ്രതിപക്ഷവും മാധ്യമങ്ങളും വ്യാപകമായി പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട് .<br><br>ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുകയും നിയമന നടപടികൾ നടന്നുവരുകയും ചെയ്യുന്നുണ്ട്. |
| (ബി) | രാജ്യത്താകെ നടന്ന പി.എസ്.സി. നിയമനങ്ങളിൽ 56 ശതമാനവും കേരളത്തിലാണെന്ന ഔദ്യോഗിക റിപ്പോർട്ട് സംസ്ഥാനത്തെ പ്രധാന മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നില്ല എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;<br>വിശദമാക്കുമോ; | (ബി) | യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനും വിവിധ സംസ്ഥാനങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷനുകളും മുഖേന നടത്തുന്ന നിയമനശിപാർശകൾ കണക്കിലെടുക്കുമ്പോൾ അവയിൽ പകതിയിലേറെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നതെന്ന് യു. പി. എസ്. സി 2024 ജനുവരി മുതൽ ജൂൺ വരെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് പുറപ്പെടുവിച്ചിട്ടുള്ള 87-ാമത് ന്യൂസ് ലെറ്ററിൽ (UPSC News Letter) നിന്നും വ്യക്തമാണ്. ടി കാലയളവിൽ യു.പി.എസ്.സിയും വിവിധ സംസ്ഥാന പി.എസ്.സികളും ചേർന്ന് ആകെ നടത്തിയത് **34,285** നിയമനശിപാർശകൾ ആണ്. അതിൽ കേരള പി. എസ്. സി മാത്രം നടത്തിയത് **18,051** നിയമനശിപാർശകൾ ആണ്. |
| (സി) | ആവശ്യമായ മേഖലകളിലെല്ലാം പുതിയ തസ്തികകൾ സൃഷ്ടിച്ചതിനാലും നിലവിലുണ്ടായ മുഴുവൻ ഒഴിവുകളും കൃത്യമായി റിപ്പോർട്ട് ചെയ്തതിനാലുമാണ് കെ.പി.എസ്.സിയെ നിയമനക്കണക്കിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിന് പര്യാപ്തമാക്കിയതെന്ന് കരുതുന്നുണ്ടോ? | (സി) | സംസ്ഥാനത്തെ 104 സർക്കാർ വകുപ്പുകളിലേക്കും 130 കമ്പനി/ ബോർഡ്/കോർപ്പറേഷനുകളിലേക്കും വിവിധ സർവ്വകലാശാലകളിലേക്കും പി. എസ്. സി മുഖേനയാണ് നിയമനം നടത്തിവരുന്നത്. 2016 മുതലുള്ള കാലയളവിൽ പി. എസ്. സി നൽകിയ നിയമനശിപാർശകളുടെ എണ്ണം ചുവടെ ചേർക്കുന്നു:- |

| **വർഷം** | **നിയമനശിപാർശകളുടെ എണ്ണം** |
|---|---|
| 2016 | 26,247 |
| 2017 | 35,911 |
| 2018 | 28,025 |

| | |
|---|---|
| 2019 | 35,422 |
| 2020 | 25,914 |
| 2021 | 26,724 |
| 2022 | 22,393 |
| 2023 | 34,110 |
| 2024 | 34,196 |

പി.എസ്.സി യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് e-vacancy software മുഖേന പൂർണ്ണമായും ഓൺലൈൻ ആയാണ്. പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പടെ യഥാസമയം റിപ്പോർട്ട് ചെയ്യുവാൻ ഇതുമൂലം സാധിക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്കുള്ള നിയമനശിപാർശ പി.എസ്.സി സോഫ്റ്റ്‌വെയർ മുഖേന നിർവഹിക്കുന്നതും നിയമനശിപാർശാ നടപടികളുടെ ഗതിവേഗം വർദ്ധിപ്പിച്ചിട്ടുണ്ട്.

പി. എസ്. സി മുഖേന തെരഞ്ഞെടുപ്പ് നടത്തുന്ന എല്ലാ സുപ്രധാന തസ്തികകളിലേക്കും നിലവിലുള്ള റാങ്ക്പട്ടിക നിയമാനുസൃത കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പുതിയ റാങ്ക്പട്ടിക നിലവിൽ വരുന്ന രീതിയിലാണ് പി. എസ്. സി റിക്രൂട്ട്മെന്റ് നടപടികൾ ക്രമീകരിച്ചിരിക്കുന്നത്.

റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് യഥാസമയം നിയമനശിപാർശ ലഭ്യമാക്കുവാൻ തന്മൂലം സാധിക്കുന്നു. വാർഷിക പരീക്ഷാ കലണ്ടർ/ വാർഷിക കായികക്ഷമതാ പരീക്ഷാ കലണ്ടർ എന്നിവ വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിക്കുവാൻ കഴിയുന്ന വിധം ക്രമബദ്ധമായാണ് പി എസ്. സിയുടെ പ്രവർത്തനം.

2024 -ൽ പി. എസ്. സി 1233 ചുരുക്കപ്പട്ടികകളും 1388 റാങ്ക്പട്ടികകളും പ്രസിദ്ധീകരിക്കുകയും വിവിധ തസ്തികകളിലായി 34,196 ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ